

*ചെയർമാൻ പി.[illegible] മോഹനൻ*

നിറവിലൂടെ അധിക വരുമാനം കണ്ടെത്തുന്ന നഗര കർഷകർ വേറെയുമുണ്ട്. കമ്പനി ചെയർമാൻ പി.കെ. മോഹനൻ തന്നെ ഉദാഹരണം. വീട്ടാവശ്യത്തിനുള്ള നെല്ല് പോലും കൃഷി ചെയ്തുണ്ടാക്കുന്ന അദ്ദേഹം പച്ചക്കറിയും നാളികേരവുമാണ് പ്രധാനമായും നിറവിലൂടെ വിൽക്കുന്നത്. പ്രതിമാസം ശരാശരി 12,000 രൂപയുടെ ഉൽപന്നങ്ങൾ വിൽക്കാനാവുന്നതായി അദ്ദേഹം പറഞ്ഞു. സ്വന്തം പറമ്പിലെ നാളികേരത്തിൽനിന്നുള്ള വെളിച്ചെണ്ണയാണ് മറ്റൊരുൽപന്നം.

ഫാർമർ സപ്പോർട്ട് സെന്ററിൽ ഓരോ കർഷകനും പ്രത്യേകം തിരിച്ചറിയൽ നമ്പർ നൽകിയിട്ടുണ്ട്. ഈ നമ്പർ രേഖപ്പെടുത്തിയാണ് ഉൽപന്നങ്ങൾ കൗണ്ടറിൽ വിൽക്കാൻ വയ്ക്കുന്നത്. ഏതെങ്കിലും ഉൽപന്നത്തെക്കുറിച്ച് പരാതി വന്നാൽ ഉൽപാദകനെ തിരിച്ചറിയുന്നതിനാണിത്. മികച്ച ഉൽപന്നങ്ങൾക്ക് ഡിമാൻഡ് വർധിക്കാനും ഈ ഉറവിടം രേഖപ്പെടുത്തൽ സഹായിക്കുന്നു. കഴിഞ്ഞ വർഷം 36 ലക്ഷം രൂപയ്ക്കുള്ള പഴം- പച്ചക്കറികൾ ഇവിടെ വിറ്റഴിച്ചു. ഇതിൽ 95 ശതമാനവും നഗരക്കൃഷിയിടങ്ങളിൽനിന്നുള്ളവതന്നെയെന്നു മോഹൻ ചൂണ്ടിക്കാട്ടി. ഉള്ളിയും കിഴങ്ങും മറ്റും മാത്രമാണു പുറമേനിന്ന് എത്തിയത്.

അർബൻ അഗ്രികൾചറിനെ അഗ്രിബിസിനസാക്കി വളർത്തുന്നതിൽ രാജ്യത്തിനുതന്നെ മാതൃകയാണ് നിറവിന്റെ പ്രവർത്തനങ്ങൾ. റസിഡന്റ്സ് അസോസിയേഷനുകളുടെ അടുക്കളത്തോട്ടം പദ്ധതിയിൽനിന്ന് ലാഭമുണ്ടാക്കുന്ന കർഷകോൽപാദക കമ്പനിയായി വളർന്ന മറ്റൊരു പ്രസ്ഥാനം രാജ്യത്തുണ്ടാവില്ല.

കർഷകമനസ്സുള്ള 101 കുടുംബങ്ങൾ ചേർന്ന് 2006ൽ ആണ് വിഷരഹിത പച്ചക്കറിക്കൃഷിയും തരിശുനില നെൽകൃഷിയുമൊക്കെ ആരംഭിച്ചതെന്ന് കൂട്ടായ്മയുടെ സ്ഥാപക നേതാവായ ബാബു പറമ്പത്ത് പറഞ്ഞു. ഇപ്പോൾ 186 അംഗങ്ങളുണ്ട്. വേങ്ങേരി വഴുതനയുൾപ്പെടെ ഒട്ടേറെ നാടൻ ജനുസുകളുടെ തിരിച്ചു വരവിനു വഴിയൊരുക്കിയ ഈ ജനകീയ പ്രസ്ഥാനം അർബുദ പ്രതിരോധം, മാലിന്യ സംസ്കരണം, വിള വൈവിധ്യ സംരക്ഷണം തുടങ്ങിയ ആശയങ്ങളിൽ കേരളത്തിനുതന്നെ മാതൃകയാണ്.

പ്രവർത്തനമേഖല വിപുലമായതോടെ നബാർഡിന്റെ ഫാർമേഴ്സ് ക്ലബ്ബായും തുടർന്ന് കർഷകോൽപാദക കമ്പനിയായും ഇവർ വളർന്നു. കൃഷി ചെയ്യുന്നവർക്കു വേണ്ട ഉപാധികളും സേവനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കിയാണ് കമ്പനി വരുമാനം കണ്ടെത്തുന്നത്. തുടക്കത്തിലേയുള്ള 101 അംഗങ്ങളിൽ പകുതിയും 15 സെന്റിൽ താഴെ മാത്രം പുരയിടമുള്ളവരാണെന്നതും ഓഹരിയുടമകളുടെ അക്കാലത്തെ ആകെ കൃഷിയിട വിസ്തൃതി 63 ഏക്കർ മാത്രമായിരുന്നുവെന്നതും ഇതോടു ചേർത്തു വായിക്കണം. നാമമാത്ര കർഷകരെന്നു വിശേഷിപ്പിക്കാവുന്നവരുടെ ഈ കൂട്ടായ്മയുടെ മൊത്തവരുമാനം 26 കോടി രൂപ കടന്നു.

പച്ചക്കറിക്കൃഷി മുതൽ മാലിന്യസംസ്കരണം വരെയുള്ള കൃഷി, അനുബന്ധ പ്രവർത്തനങ്ങളിലൂടെയാണ് ഈ നേട്ടം. കൂടുതൽ വരുമാനം കിട്ടിയത് മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട കൺസൽറ്റൻസിയിലൂടെയാണ്. എന്നാൽ, എല്ലാ അനുബന്ധ പ്രവർത്തനങ്ങളുടെയും അടിസ്ഥാനം കൃഷിയാണെന്ന് ബാബു ചൂണ്ടിക്കാട്ടുന്നു.

✆ 8078890071

# നിറവിന്റെ കരുത്തിൽ നഗരക്കൃഷി മുന്നേറ്റം

## വിഷരഹിത പച്ചക്കറിക്കു നഗരത്തിലെ പ്രിയം പ്രയോജനപ്പെടുത്തി കോഴിക്കോട് കർഷക കൂട്ടായ്മ

നഗരവാസിക്കു പച്ചക്കറിക്കൃഷിയിലൂടെ പ്രതിമാസം 10,000 രൂപ അധിക വരുമാനം കണ്ടെത്താനാവുമോ? അന്വേഷണം ചെന്നെത്തിയത് ദേവദാസനിലാണ്. കോഴിക്കോട് നഗരത്തിലാണ് വാസമെങ്കിലും 15 കി.മീ. അകലെ അത്തോളിയിലാണ് അദ്ദേഹത്തിന്റെ കൃഷിയിടം. എന്നാൽ,



പി.കെ. ദേവദാസൻ ഫോട്ടോ: സജീഷ് ശങ്കർ



നിറവിന്റെ ഫാർമർ സപ്പോർട്ട് സെന്റർ

നഗരവാസികൾക്കു വേണ്ടിയാണ് അവിടെ കൃഷി. വെറും കൃഷിയല്ല, ജൈവസാക്ഷ്യപത്രമുള്ള കൃഷി. ഒരേക്കർ നിറയെ നാടൻ പച്ചക്കറികൾ. കോവൽ, വൈദ്യ കുമ്പളം, കാളക്കൊമ്പൻ വെണ്ട, നാടൻ തക്കാളി, ബേബി പടവലം, ചതുരപ്പയർ എന്നിവ പ്രധാനം. പപ്പായ, പുതിന എന്നിവയുമുണ്ട്. ഇവയുടെ തൈകളുണ്ടാക്കാൻ നഴ്സറിയും.

രാവിലെ കൃഷിയിടത്തിലേക്കു പോകുന്ന ദേവദാസനു സിറ്റിയിൽ വിപണനത്തിനു തുണയാവുന്നതു നിറവ് ഫാർമർ പ്രൊഡ്യൂസർ കമ്പനി. വേങ്ങേരി മൊത്തവ്യാപാരകേന്ദ്രത്തിൽ കമ്പനി നടത്തുന്ന ഫാർമർ സപ്പോർട്ട് സെന്ററിലും വണ്ടിപ്പേട്ടയിലെ സെയിൽസ് കൗണ്ടറിലുമായി അദ്ദേഹം തൈകളും പച്ചക്കറികളും വിൽക്കുന്നു. നഗരത്തിലെ അഗ്രിബിസിനസ് സാധ്യത തിരിച്ചറിഞ്ഞ ദേവദാസനും കുടുംബവും കാർഷികോപകരണങ്ങൾ, വളം- കീടനാശിനികൾ, വിത്തുകൾ എന്നിവയുടെ കടയും നടത്തിവരുന്നു.

നഗരത്തിലെ വിപണിസാധ്യത പ്രയോജനപ്പെടുത്തി